**15 -ാം കേരള നിയമസഭ**

**13 -ാം സമ്മേളനം**

**നക്ഷത്ര ചിഹ്നം ഇല്ലാത്ത ചോദ്യം നം. 1594** **13-02-2025 - ൽ മറുപടിയ്ക്ക്**

**കേരള ക്ലൈമറ്റ് റസലിയന്റ് അഗ്രി-വാല്യൂ ചെയിൻ മോഡേണൈസേഷൻ പദ്ധതി**

| ചോദ്യം | | ഉത്തരം | |
|---|---|---|---|
| ശ്രീ. കെ.എൻ. ഉണ്ണികൃഷ്ണൻ | | ശ്രീ. പി. പ്രസാദ്<br>(കൃഷി വകുപ്പ് മന്ത്രി) | |
| (എ) | 11.01.2024-ലെ ജി.ഒ.(എം.എസ്.) നമ്പർ.9/2024/ കൃഷി പ്രകാരം ഭരണാനുമതി ലഭിച്ച കേരള ക്ലൈമറ്റ് റസലിയന്റ് അഗ്രിവാല്യൂ ചെയിൻ മോഡേണൈസേഷൻ പദ്ധതി പ്രകാരം എന്തൊക്കെ പ്രവൃത്തികളാണ് കാർഷിക മേഖലയിൽ നടപ്പാക്കാൻ ഉദ്ദേശിക്കുന്നതെന്ന് വിശദമാക്കാമോ; | (എ) | കേരളത്തിലെ കാർഷിക മേഖലയുടെ പരിവർത്തനത്തിന് ലക്ഷ്യമിട്ട് ലോകബാങ്ക് സഹായത്തോടെ സംസ്ഥാന സർക്കാർ ആവിഷ്കരിച്ച പദ്ധതിയാണ് കേരള ക്ലൈമറ്റ് റെസിലിയന്റ് അഗ്രി വാല്യൂ ചെയിൻ മോഡേണൈസേഷൻ പദ്ധതി (KERA).<br><br>അഞ്ചു വർഷത്തെ പദ്ധതി കാലയളവിൽ മൊത്തം പദ്ധതി ചെലവ് 285 ദശലക്ഷം ഡോളറാണ്. ആയതിൽ 200 ദശലക്ഷം ഡോളർ (1655.85 കോടി രൂപ) ലോകബാങ്ക് വിഹിതവും, 85 ദശലക്ഷം ഡോളർ (709.65 കോടി രൂപ) സംസ്ഥാന വിഹിതവുമാണ്. പദ്ധതിയിൽ ഉൾപ്പെടുത്തിയിട്ടുള്ള പ്രധാന ഘടകങ്ങൾ ചുവടെ ചേർക്കുന്നു.<br><br>**ഘടകം 1 : കൃഷിയിലെ കാലാവസ്ഥാ പ്രതിരോധവും ലഘൂകരണവും**<br><br>• കൃഷിഭവനുകൾ മുഖാന്തരം അഗ്രോഇക്കോളജിക്കൽ യൂണിറ്റുകളിൽ (AEU) കാലാവസ്ഥാമാറ്റപ്രതിരോധ സ്മാർട്ട്കൃഷി (Climate Smart Agriculture - CSA) സ്വീകരിക്കുന്നതിന്പിന്തുണ നൽകുക.<br>• കർഷകർക്ക് മെച്ചപ്പെട്ട കാലവസ്ഥാ പ്രതിരോധ സേവനങ്ങൾ എത്തിക്കുന്നതിന് വിജ്ഞാന വ്യാപന, ഉപദേശകസേവനദാതാക്കളുടെ ശേഷി വർദ്ധിപ്പിക്കൽ.<br>• അഗ്രോ ഇക്കോളജിക്കൽ യൂണിറ്റ് (AEU) തലത്തിൽ കാർഷിക കാലാവസ്ഥാ സംവിധാനത്തിന്റെ ഉപയോഗക്ഷമത വർദ്ധിപ്പിക്കുന്നതിന് ആവശ്യമായ നിരീക്ഷണ സംവിധാന ങ്ങൾക്ക് വേണ്ടുന്ന ഘടകങ്ങൾക്കുള്ള സഹായം. |

| | | | |
|---|---|---|---|
| | | | • മെച്ചപ്പെട്ട ജല ഉപയോഗക്ഷമതക്കും, കാർബൺ ബഹിർഗമനംകുറയ്ക്കുന്നതിനുമായി ലോ കാർബൺ നെൽകൃഷിസ്വീകരിക്കുക.<br><br>**ഘടകം 2 : പ്രാദേശിക സാമ്പത്തിക വികസനം ലക്ഷ്യമാക്കി മൂല്യ വർദ്ധനയ്ക്കായി ചെറുകിടകാർഷിക വാണിജ്യവൽക്കരണം വർദ്ധിപ്പിക്കുക.**<br><br>• കർഷകർക്കും/കർഷകഗ്രൂപ്പുകൾക്കും അഗ്രിബിസിനസിനുമിടയിൽ സുസ്ഥിര ഉൽപാദന സഖ്യങ്ങളുടെ (Productive Alliances) രൂപീകരണം.<br>• സംസ്ഥാനത്ത് തെരഞ്ഞെടുത്ത തോട്ടവിളകളുടെ (റബർ, ഏലം, കാപ്പി) പുനരുജ്ജീവനം.<br>• നയപരമായപരിഷ്കാരങ്ങൾ, കൃഷിയ്ക്കുള്ളഭൂമി ലഭ്യതവർദ്ധിപ്പിക്കൽ എന്നിവയിലൂടെ ഉത്പാദനക്ഷമത മെച്ചപ്പെടുത്തൽ.<br><br>**ഘടകം 3 : FPO, FPC, അഗ്രി ബിസിനസ്സ്, അഗ്രി സ്റ്റാർട്ടപ്പുകൾ, ഭക്ഷ്യ കാർഷിക മേഖലയിലെ ചെറുകിട, ഇടത്തരം സംരംഭങ്ങൾ എന്നിവയുടെ ശാക്തീകരണം**<br><br>• കേരളത്തിലെ FPO,FPC, കാർഷിക ചെറുകിട, ഇടത്തരം സംരംഭങ്ങളുടെ മത്സരക്ഷമതയും വളർച്ചയും വർദ്ധിപ്പിക്കുക.<br>• അഗ്രി സ്റ്റാർട്ടപ്പുകളുടെ ടെക്നോളജി ഇൻക്യുബേഷന് വേണ്ടിയിട്ടുള്ള കൈത്താങ്ങ്.<br><br>അഗ്രിപാർക്കുകൾക്കുള്ള സഹായം. |
| (ബി) | കാലാവസ്ഥാ വ്യതിയാനം മൂലം കൃഷി ചെയ്യുവാൻ ബുദ്ധിമുട്ടനുഭവിക്കുന്ന ദ്വീപ് മണ്ഡലമായ വൈപ്പിൻ കരയിലെ കർഷകർക്ക് ഈ പദ്ധതിയുടെ ആനുകൂല്യം ലഭ്യമാക്കാൻ നടപടി സ്വീകരിച്ചിട്ടുണ്ടോ; വിശദമാക്കാമോ? | (ബി) | കാലാവസ്ഥ വ്യതിയാനം മൂലം ബുദ്ധിമുട്ടനുഭവിക്കുന്ന കേരളത്തിലുടനീളമുള്ള കർഷകർക്ക് പ്രയോജനം ലഭിക്കുന്ന വിധത്തിലാണ് പദ്ധതി ആവിഷ്കരിച്ചിരിക്കുന്നത്. |

സെക്ഷൻ ഓഫീസർ